ശ്രീ. എ. സി. ഷൺമുഖദാസ്: നമ്മുടെ ഷിപ്പിംഗ് കോർപ്പറേഷൻ വിദേശങ്ങളിലേക്ക് ഷിപ്പിംഗിനുവേണ്ടി തുടങ്ങിയതാണ്. എന്നാൽ ഗവൺമെൻറ് അതിൽ നിന്ന് പിന്നോട്ടു പോവുകയാണുണ്ടായത്. കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്, മറൈൻ ഡവലപ്പ്മെൻറ് കോർപ്പറേഷനെ പ്രവർത്തനം ഷിപ്പിംഗ് കോർപ്പറേഷനെ ഏൽപ്പിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ വടക്കൻ മേഖലയിൽ വിമാനത്താവളമില്ല, അവിടെ റോഡുകൾക്ക് വീതി കുറവാണ്, പൊല്യൂഷന്റെ പ്രശ്നമുണ്ട്. കേരളത്തിലെ വടക്കൻ—തെക്കൻ മേഖലയിലുള്ള ആളുകൾക്ക് കോസ്റ്റൽ ഷിപ്പിംഗിനുവേണ്ടി കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ആലോചിച്ച ഹോവർ ക്രാഫ്റ്റ്—കരയിലും വെള്ളത്തിലും ഓടുന്ന ഹോവർ ക്രാഫ്റ്റ് എക്യുപ്മെൻറ് ഏർപ്പെടുത്താനുള്ള നടപടി എടുക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അമാൽഗമേഷനു ശേഷം മാത്രമേ ഇത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുവാൻ നിർവ്വാഹമുള്ളൂ.

കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത

* 449 [479] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, മണിമംഗലത്തു കുട്ട്യാലി:

,, തോപ്പിൽ രവി:

,, പി. പി. തങ്കച്ചൻ:

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) കൈത്തറി തൊഴിലാളികളുടെ മിനിമംകൂലി നിജപ്പെടുത്തിയിട്ടുണ്ടോ;

(സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളികൾ എത്രയെന്നു പറയുമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) കൈത്തറി ഡയറക്ടറേറ്റ് കൈത്തറി തൊഴിലാളികളുടെ സഹകരണ സംഘം രജിസ്റ്റർ ചെയ്ത് അവർക്ക് തൊഴിൽ ഭദ്രത ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ കൈത്തറി സഹകരണ മേഖലയിൽ ഇപ്പോൾ ഏകദേശം ഒരു ലക്ഷത്തി നാൽപ്പതിനായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, കൈത്തറി മേഖലയിൽ ഖാദി ബോർഡും കേരള സർവ്വോദയ സംഘവും നടത്തുന്ന കൈത്തറി മേഖലയിൽ—ജോലി ചെയ്യുന്ന കൈത്തറിത്തൊഴിലാളികൾക്ക് ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

വേതനം പറയാൻ കൊള്ളാത്ത വിധം ലഘുവാണെന്നുള്ള കാര്യം പരിഗണിച്ച് അവർക്ക് ജോലി സ്ഥിരതയും, കൂലി വർദ്ധനവും നടപ്പാക്കാൻ ആവശ്യമായ എന്തു നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. ശിവദാസൻ: ഖാദിയിൽ കൂലി നിശ്ചയിക്കുന്നത് ഖാദി ബോർഡാണ്. അതിന് ഒരു ഫോർമുലയുണ്ട്. ആ ഫോർമുല ഞാൻ കൃത്യമായി ഓർക്കുന്നില്ല. അവിടെ മിനിമം വേജസ് ബാധകമല്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചോദ്യം (എ)യ്ക്ക് ഉത്തരം പറഞ്ഞപ്പോൾ പല നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ 'പല' എന്താണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: കൈത്തറിക്കു മാത്രമായി ഒരു ഡയറക്ടറേറ്റ് ഉണ്ട്. അത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണ്. അവരുടെ തൊഴിലാളികൾക്ക് തൊഴിൽ ഭദ്രത ഉറപ്പു വരുത്തുന്നതിന് കൈത്തറി വകുപ്പ് പല പദ്ധതികളും നടപ്പാക്കുന്നുണ്ട്. അതിൽ പ്രധാനം, സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക, സംഘത്തിന്റെ ഓഹരിയിൽ പങ്കാളിത്തം, സംഘം ഉദ്യോഗസ്ഥൻമാർക്ക് മാനേജീരിയൽ ഗ്രാൻറ്, ഫാക്ടറി കെട്ടുന്നതിന് സൗജന്യം— ഇങ്ങനെ പല വിധത്തിലുള്ള കാര്യങ്ങളുമുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ: കൈത്തറി മേഖലയിൽ ഇന്ന് സംഘങ്ങൾക്ക് റിബേറ്റ് സബ്സിഡി കൊടുക്കാത്തതിന്റെ ഫലമായി സംഘങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെത്തുടർന്ന് നിരവധി തൊഴിലാളികൾക്കു തൊഴിൽ നഷ്ടപ്പെടുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റിബേറ്റ് സബ്സിഡി കൃത്യമായി കൊടുക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. ശിവദാസൻ: റിബേറ്റ് സബ്സിഡി കൊടുക്കുന്നതിന് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറും. അതിന്റെ ഡയറക്ടറേറ്റും വേണ്ട നടപടികൾ എടുക്കുന്നുണ്ട് എന്നാണ് എന്റെ അറിവ്.

ശ്രീ. പി. പി. തങ്കച്ചൻ: വിദേശ രാജ്യങ്ങളിൽ കൈത്തറിത്തുണിത്തരങ്ങൾക്ക് വലിയ ഡിമാൻറുണ്ട്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് വിപണനരംഗത്ത് കൂടുതൽ കൈത്തറിത്തുണിത്തരങ്ങൾ എത്തിക്കുന്നതിനു വേണ്ടി ഗവൺമെൻറ് എന്ത് ഏർപ്പാടുകളാണ് സ്വീകരിച്ചിട്ടുള്ളത്? ഇല്ലെങ്കിൽ അതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യാമോ?

ശ്രീ. കെ. ശിവദാസൻ: പണ്ട് കണ്ണൂരിലെ കൈപ്പുതുണിക്കു നല്ല മാർക്കറ്റുണ്ടായിരുന്നതാണ്. അത് വീണ്ടും പിടിക്കുന്നതിനും കൂടുതൽ ഓർഡറുകൾ ശേഖരിക്കുന്നതിനും ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. ഒ. ഭരതൻ: കണ്ണൂർ ജില്ലയിൽ മാതൃകാപരമായും സത്യസന്ധമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നിരവധി കൈത്തറി സഹകരണ സ്ഥാപനങ്ങളുണ്ട്. പക്ഷെ ഈ സ്ഥാപനങ്ങൾ കുറെക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

ഇ. എസ്. ഐ. വിഹിതം അടച്ചു തീർക്കാൻ കഴിയാത്തതിന്റെ ഫലമായി ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികളും തൊഴിൽരഹിതരായിത്തീരുന്നു. അതുകൊണ്ട് ഗവൺമെന്റ് ഒരു പൊതുതീരുമാനമെടുത്ത് കഴിഞ്ഞ ഇത്രാം വർഷം വരെയുള്ള ഇ.എസ്.ഐ. കുടിശ്ശികയിൽ നിന്നും അവരെ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികളും എടുക്കുമെന്ന രീതിയിൽ ഒരു തീരുമാനമെടുത്ത് അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഇ. എസ്. ഐ. ആക്ട് സെൻട്രൽ ഗവൺമെന്റിന്റെ അഡ്മിനിസ്ട്രേഷനിലുള്ളതാണ്. അതിന്റെ വകുപ്പുകളും വളരെ മാൻഡേറ്ററിയാണ്. നഷ്ടത്തിൽ ഓടുന്നുവെന്നുള്ളതുകൊണ്ട് തൊഴിലാളികൾക്ക് എക്സംപ്ഷൻ കൊടുക്കാൻ ഗവൺമെന്റിന് അവകാശമില്ല. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പ്രശ്നം നമ്മുടെ സംസ്ഥാനത്ത് ഉള്ളതുകൊണ്ട് നഷ്ടത്തിൽ ഓടുന്ന ഇത്തരം വ്യവസായ സ്ഥാപനങ്ങളെപ്പറ്റി ഡി. എൽ. ഒ. യോട് ഒരു റിപ്പോർട്ട് തേടിച്ചിട്ടുണ്ട്. സാധാരണ കൊടുക്കുന്ന എക്സംപ്ഷൻ കൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: ചോദ്യം (എ) യ്ക്ക് ഉത്തരമായി മന്ത്രി പറഞ്ഞത്, തൊഴിൽഭദ്രത ഉറപ്പ് വരുത്തുന്നതിനും ക്ഷേമ പ്രവർത്തനങ്ങളും നടത്തുന്നതിനും നിരവധി പരിപാടികളും സ്വീകരിച്ചിട്ടുണ്ടെന്നാണ്. സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളികൾക്കു ഭവനം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടി ഉണ്ടായിരുന്നു. ആ പരിപാടിയിൽ സ്വകാര്യ മേഖലയെ ഒഴിവാക്കി നിർത്തിയെന്ന ആരോപണം നിലവിൽ വന്നതിനെത്തുടർന്ന് അവർ സർക്കാരിനെ സമീപിക്കുകയും അവർക്കായി ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിക്കുമെന്ന് അപേക്ഷിക്കുകയും ചെയ്തു. ആ പദ്ധതിയെക്കുറിച്ച് നാളിതുവരെയായി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ തീരുമാനം എവിടെവരെയായി? ഇല്ലെങ്കിൽ ഈ കാര്യം ഗൗരവമായി പരിഗണിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു സ്കീം ആയതുകൊണ്ട് പ്രത്യേകമായി നോട്ടീസ് ഇല്ലാതെ മറുപടി പറയാൻ കഴിയുകയില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: സഹകരണ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള കൈത്തറി തൊഴിലാളികൾക്ക് ഒരു വർഷം എത്ര ദിവസം ജോലി കിട്ടുമെന്ന് കണക്കാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വെളിപ്പെടുത്താമോ?

ശ്രീ. കെ. ശിവദാസൻ: എത്ര ദിവസം ജോലി കിട്ടുമെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. ടി. കുമാരൻ: കേരളത്തിലെ തൊഴിലാളികൾക്ക് കിട്ടുന്ന വേതനവും അയൽ സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് കിട്ടുന്ന വേതനവും തട്ടിച്ചു നോക്കുമ്പോൾ ഇവിടെ കിട്ടുന്ന വേതനം വളരെ

LIBRARY ARCHIVES Kerala Legislative Assembly

വലുതാണെന്നു കാണാം. ഇവിടത്തെ തൊഴിൽ മറ്റു സംസ്ഥാനങ്ങളിൽ കൂടുതൽ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഇവിടത്തെ മുതലാളിമാർ തന്നെ തമിഴ്നാട്ടിലേക്കും കർണ്ണാടകയിലേയ്ക്കും പോവുകയാണ്. അതുകൊണ്ട് ദക്ഷിണ സംസ്ഥാനങ്ങളിലെ മറ്റു സർക്കാരുകളുമായി ആലോചിച്ച് ഒരു മിനിമം വേതനം എല്ലാ സ്ഥലങ്ങളിലും ഒരുപോലെ കൊണ്ടുവരുന്നതിന് വല്ല നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? അതിനെ സംബന്ധിച്ച് എന്താണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. ശിവദാസൻ: നമ്മുടെ പരമ്പരാഗത വ്യവസായങ്ങളായ ബീഡി, കൈത്തറി, കശുവണ്ടി.—ഇവയിലെല്ലാംതന്നെ നമ്മൾ മിനിമം വേജസ് എൻഫോഴ്സ് ചെയ്യുകയും അയൽ സംസ്ഥാനങ്ങളിൽ ചെയ്യാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് ഇൻറസ്ട്രി മൈഗ്രേറ്റ് ചെയ്യുന്ന പ്രശ്നമുണ്ട്. അത് നിരവധി വർഷങ്ങളായി കേന്ദ്ര ഗവൺമെൻറിലും അവിടത്തെ സ്റ്റേറ്റ് പാർട്ടി കോൺഫറൻസിലും ഒക്കെ ചർച്ച ചെയ്തിട്ടുണ്ട്. ഈ പ്രാവശ്യത്തെ സ്റ്റേറ്റ് പാർട്ടി കോൺഫറൻസിൽ ഇത് വളരെ ഗൗരവമായി എടുക്കുകയും അതിന് കമ്മിറ്റിവച്ച് ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുന്നതിനുവേണ്ടി ആലോചന നടത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

ആർട്ടിസാൻമാർ

*450 [480] ശ്രീ. പന്തളം സുധാകരൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, കെ. രാഘവൻ മാസ്റ്റർ:
,, ജോസ് കുറിയാനി:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിൽപ്പെട്ട എത്ര ആർട്ടിസാൻമാരുണ്ട്;

(ബി) ഇതിൽ സർട്ടിഫൈഡ് സ്വർണ്ണത്തൊഴിലാളികൾ എത്ര;

(സി) ഇവരെ തൊഴിൽ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ,

(എ) സംസ്ഥാനത്ത് 2,72,888 ആർട്ടിസാൻസ് ഉണ്ട്.

(ബി) 17,852.

(സി) എല്ലാവർക്കും തൊഴിൽ നിയമം ബാധകമല്ല.

(ഡി) സ്വയം തൊഴിൽചെയ്യുന്നവർക്ക് തൊഴിൽ നിയമം ബാധകമല്ല. കടകളിൽ പണിയെടുക്കുന്നവർക്ക് കേരളാ ഷോപ്സ് ആൻറ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് നിയമം ബാധകമാണ്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, അസംഘടിത വിഭാഗത്തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ക്ഷേമനിധി ഇവർക്കുകൂടി ബാധകമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly